## FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ
## 06 APRIL 2018 (18 RAJAB 1439 AH)

# “FINANCIAL SACRIFICE (PART 2)”.
# സാമ്പത്തിക ത്യാഗം (ഭാഗം2)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **“സാമ്പത്തിക ത്യാഗം (ഭാഗം2)”** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ് ! സുമ്മ അൽഹംദുലില്ലാഹ് കഴിഞ്ഞ വെള്ളിയാഴ്ച തുടങ്ങിയ സാമ്പത്തിക ത്യാഗം എന്ന വിഷയത്തിന്റെ രണ്ടാം ഭാഗം തുടരുകയാണ്.

കഴിഞ്ഞ ആഴ്ച ഞാൻ പറഞ്ഞതുപോലെ, മനുഷ്യന്റെ പ്രശ്നങ്ങൾക്കും മറ്റിതര പ്രശ്നങ്ങൾക്കുമുള്ള പരിഹാരം ദൈവമാർഗത്തിൽ വിശ്വാസികൾ ധനം ചെലവഴിക്കുന്നതിലൂടെ കണ്ടെത്താവുന്നതാണ് എന്നാണ്. ദാരിദ്ര്യത്തെ മറികടക്കുവാനും എല്ലാ വിധ പ്രശ്നങ്ങളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും മുക്തരാകുവാനും സമ്പത്ത് ദൈവമാർഗത്തിൽ ചെലവഴിക്കുന്നതിലൂടെ കരഗതമാക്കാവുന്നതാണ്.

ദാരിദ്ര്യം മറികടക്കുവാനുള്ള മറ്റൊരു പ്രതിവിധിയാണ് സത്യവിശ്വാസം. സക്കാത്തും മറ്റിതര സംഭാവനകളും നല്കുന്നതിലൂടെ അവന്റെ വിശ്വാസം വർദ്ധിക്കുന്നു. അതിലൂടെ അവൻ അല്ലാഹുവിന്റെ പ്രീതിക്ക് പാത്രമാകുന്നു. അല്ലാഹു (ത) അവന്റെ മാർഗത്തിൽ ചെല

വഴിക്കുന്നവരെ അവൻ ഒരിക്കലും അവഗണിക്കുകയില്ല. അവരുടെ ആവശ്യങ്ങളിൽ നിന്നും അവരെ അവൻ ഒരിക്കലും ആട്ടി ഓടിക്കുകയില്ല. ഒരാൾ ഒന്നുകിൽ ദൈവത്തിന്റെ മുമ്പിൽ യാചകനായി തീരുക. അല്ലെങ്കിൽ ഈ ലോകത്തിൽ മുൻപിൽ യാചകനായി തീരുക. ദൈവത്തിന്റെ മുമ്പിൽ ഒരു യാചകനായി നില്ക്കുന്നതാണ് അവന് ഏറ്റവും നല്ലത്. അവിടെയാണ് യഥാർത്ഥ ബുദ്ധിവൈഭവം കുടികൊള്ളുന്നത്.

ഒരുവൻ എപ്പോഴും മനസ്സിലാക്കേണ്ട ഒരു കാര്യം, ഒരുവൻ ദൈവത്തിന്റെ മുൻപിൽ യാചകനായി തീരുന്നതിലൂടെ, അവൻ നേടുന്നത് ദൈവപ്രീതിയാണ്. ഇത് സ്ഥാപിതമായ ഒരു യാഥാർത്ഥ്യമാണ്. അതിൽ ഒരു സംശയവുമില്ല. തെറ്റിദ്ധാരണ മൂലം ചിലർ പരാതിപ്പെടാറുണ്ട്. അതായത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, തുടർച്ചയായി ഇതിന്റെ അംഗങ്ങളെ സാമ്പത്തിക ത്യാഗത്തിനായി പ്രേരിപ്പിച്ചു കൊണ്ടിരിക്കുന്നു എന്നാൽ മറ്റു അത്യാവശ്യകാര്യങ്ങൾക്കൊന്നും വേണ്ടതു ചെയ്യുന്നുമില്ല. ശ്രദ്ധിക്കുന്നുമില്ല ഇത് ജമാഅത്തിലെ അധികാരികളല്ല ഇത് ചെയ്യുന്നത്, മറിച്ച് ദൈവം താൻ തന്നെയാണ്. അവൻ വിശുദ്ധഖുർആനിൽ പ്രഖ്യാപിക്കുന്നു. സത്യവിശ്വാസികൾ സാമ്പത്തിക ത്യാഗം വരിക്കുവാൻ ഇതിന്റെ ഭാരവാഹികൾ ദൈവപ്രഖ്യാപനത്തെ എടുത്തുകാണിക്കുന്നു എന്നു മാത്രം. ആയതിനാൽ ഇക്കാര്യത്തിൽ അവരുടെ മേൽ ഒരു തെറ്റും പറയാവതല്ല. ദൈവ മാർഗത്തിൽ ചെലവഴിക്കുന്നതിലൂടെ, സത്യത്തിൽ, ഓരോരുത്തർക്കും അവരുടെ ആത്മീയതയ്ക്കും, ഭൗതികതയ്ക്കും പ്രയോജനം ലഭിക്കുന്നു.

സാമ്പത്തിക സംഭവാനകൾ നല്കുന്നതിലൂടെ ആത്മാർത്ഥത വർദ്ധിക്കുകയും, ആത്മാവ് ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. തഖ്വ ആർജ്ജിക്കുവാൻ ഇതു സഹായകമാകുന്നു. ഇതിലൂടെ തഖ്വയാണ് പ്രകടമാകുന്നത്. വ്യക്തിയുടെ വീക്ഷണത്തിന് മാറ്റം സംഭവിക്കുകയും, അതിലൂടെ ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കും സന്തോഷത്തിനും

പാത്രീഭൂതരായിതീരുകയും ചെയ്യുന്നു. ഇനി അവനിൽ ദൗർബല്യവും കുറ്റങ്ങളും ഉണ്ടെങ്കിൽ പോലും അവന്റെ സംഭാവനകൾ നഷ്ടപ്പെട്ടു പോകുന്നില്ല. ദൈവം, അവന്റെ അനുഗ്രഹത്താൽ, അവന്റെ തെറ്റുകൾ മാപ്പാക്കുകയും അവനെ കൂടുതൽ നല്ലതിനായി പ്രാപ്തനാക്കുകയും സഹായിക്കുകയും ചെയ്യുന്നു.

അല്ലാഹു (ത അതിമഹാനാണ്, അവൻ ദീനാനുകമ്പയുള്ളവ നാണ്, മാതാപിതാക്കളെക്കാൾ സ്നേഹമുള്ളവനാണ്. അവൻ വളരെ വലിയ സംരക്ഷകനാണ്. അവന്റെ പ്രീയ സേവകന്മാരെ, ആക്രമണങ്ങ ളിൽ നിന്നും പ്രതിരോധിക്കുന്നു. വിശുദ്ധഖുർആനിൽ നിന്നും നാം പഠി ക്കുന്നു. അവൻ അവന്റെ ദാസന്മാരുടെ തെറ്റുകുറ്റങ്ങൾ മാപ്പാക്കുന്നു. അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവരുടെ തെറ്റുകുറ്റങ്ങൾ അവൻ മാപ്പാ ക്കുന്നു. എന്ന് ഞാൻ മനസ്സിലാക്കുന്നു. അവർ സ്വാതികതയിൽ പുരോ ഗതി ആർജ്ജിക്കുന്നു. ഒരു ഭക്തയായ മാതാവ്, തന്റെ മക്കൾ ദൈവമാർഗ്ഗ ത്തിൽ ചെലവഴിച്ചില്ലെങ്കിൽ, അവർ സന്തോഷവതി ആയിരിക്കില്ല. ഇങ്ങനെ ചെലവഴിക്കുന്നത് അവരുടെ മേൽ ഒരു ഭാരമായിരിക്കും എന്നും കരുതുന്നില്ല. ഈ അനുഗ്രഹത്തിൽ അവരും പങ്കു ചേരുവാൻ അവൾ ആഗ്രഹിക്കുന്നു.

ചില കുട്ടികളുടെ മാതാപിതാക്കൾ, സമ്പാദിക്കുവാൻ തുടങ്ങിയ അവരുടെ മക്കളെ, ദൈവമാർഗത്തിൽ ചെലവഴിക്കുന്നതിൽ നിന്നും അവരെ പുറകോട്ട് വലിക്കുന്നു. കാരണം അവർ ജീവിതത്തിൽ വേണ്ടതു പോലെ നിലയുറപ്പിച്ചിട്ടില്ല. മറ്റു ചിലരാകട്ടെ ഇത്തരം ചെലവാക്കൽ ഒരു നഷ്ടമായി കണക്കാക്കുകയും ചെയ്യുന്നു. (ദൈവം കാക്കട്ടെ)

എന്നാൽ മറ്റു ചില രക്ഷിതാക്കൾ, അവർക്കു ലഭ്യമായ ഈ അനു ഗ്രഹങ്ങൾക്ക് അവർ നന്ദിരേഖപ്പെടുത്തുന്നു. അതുകൊണ്ട് തന്നെ തങ്ങ ളുടെ സന്താനങ്ങൾക്കും പ്രസ്തുത അനുഗ്രഹങ്ങൾ ലഭിക്കാനായി ആഗ്ര

ഹിക്കുന്നു. അതിനായി അവരെ അവർ പ്രേരിപ്പിക്കുന്നു.

ചില കുട്ടികൾ, അവരെ അവരുടെ രക്ഷിതാക്കൾ നല്ല നിലയിൽ പരിശീലിപ്പിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിന്റെ തത്വശാസ്ത്രം അവരെ മനസ്സിലാക്കി കൊടുക്കുന്നു. ചില ചെറുപ്പക്കാർ, അൽഹം ദുലില്ലാഹ് ! ദൈവമാർഗത്തിൽ ചെലവഴിക്കുവാൻ അവരുടെ സമ്പാദ്യങ്ങൾ എനിക്കയ്ച്ചു തരുന്നു. മറ്റു ചിലർ സമുദായ പുരോഗതി ക്കായി പ്രവർത്തിക്കുന്നു. അതു തുടരട്ടെ ! അവർക്കിതൊരു ശാപമായി തീരാതിരിക്കുവാൻ അവർ ജാഗ്രത പാലിക്കേണ്ടതാണ്. ഓർക്കുക. ദൈവ മാർഗത്തിൽ ചെലവഴിക്കുന്നത് ഒരു വിശ്വാസിയുടെ ഏറ്റവും ബുദ്ധിപര മായ നിക്ഷേപമാണ്. നിങ്ങളുടെ കൈകളെ അവൻ ഒരിക്കലുമൊരിക്കലും വെറും കയ്യോടെവിടില്ല. നിങ്ങൾ അവനെ ഓർക്കുമ്പോൾ അവന്റെ വഴി യിൽ ചെലവഴിക്കുന്നത് ഇഷ്ടപ്പെടുമ്പോൾ, അവന്റെ വഴിയിൽ സഹായി ക്കുമ്പോൾ, നിങ്ങളുടെ കഴിവനുസരിച്ച്, നിങ്ങൾക്ക് എന്ത് ജീവിതോപാധി യാണോ ഉള്ളത് അതുപയോഗിച്ച്, അപ്പോൾ അല്ലാഹു (ത) അതു നിങ്ങൾക്ക് തിരിച്ചു നല്കുന്നു. നിങ്ങളുടെ നിക്ഷേപം ഇരട്ടിപ്പിക്കുന്നു. അതു ഇഹലോകത്തും നാളെ പരലോകത്തും എന്നാൽ ജീവിതത്തിന്റെ പരമ പ്ര ധാനമായ ഈ തത്വം എല്ലാവരും മനസ്സിലാക്കിയിട്ടില്ല. ദൈവത്തിന്റെ ഈ ഔദാര്യവും, കരുണാവായ്പും അറിഞ്ഞിരുന്നുവെങ്കിൽ !

കുട്ടികളുടെ ഉദ്ദേശ്യങ്ങൾക്കനുസൃതമായി ദൈവമാർഗത്തിൽ സഹായിക്കുവാനുള്ള, പിന്താങ്ങൽ നല്കുന്നവരായിരിക്കണം മാതാപിതാ ക്കൾ ! അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നതിൽ നിന്നും അവരെ തടയുന്ന രക്ഷിതാക്കൾ, അവർ ദൈവീകാനുഗ്രഹത്തിൽ നിന്നും ആട്ടി ഓടി ക്കപ്പെട്ടവർ തന്നെ! മറിച്ച് തങ്ങളുടെ സന്താനങ്ങൾ ദീനി സേവനത്തിന് സന്നദ്ധരാകുമ്പോൾ, അവരെ, രക്ഷിതാക്കൾ മറിച്ച് ഉപദേശിക്കുകയാണെ ങ്കിൽ അവരെ നിരുത്സാഹപ്പെടുത്തുകയാണെങ്കിൽ, ധനം വെറുതെ നഷ്ട

പ്പെടുത്തുകയാണ് എന്ന് പറയുന്നത് വളരെ മോശമായ കാര്യമാണ്. തീർച്ചയായും അല്ലാഹു (ത) അവൻ സ്വയം തന്നെ വിശുദ്ധഖുർആനിലൂടെ ഉപദേശിക്കുന്നു. അല്ലാഹുവിനും അവന്റെ കല്പനകൾക്കും പ്രഥമ സ്ഥാനം നല്കേണ്ടതാണ്. അതിനു ശേഷമാണ് മാതാപിതാക്കളും അവരുടെ ആഗ്രഹങ്ങളും ! രക്ഷിതാക്കൾ, സന്താനങ്ങളെ, ദൈവീക കല്പനകളെ ആദരിക്കുവാൻ പഠിപ്പിക്കുകയാണെങ്കിൽ, അവരാണ് പുണ്യാത്മക്കളായ മാതാപിതാക്കൾ, അഭിനന്ദനമർഹിക്കുന്നവർ അവരാണ്; ദൈവീകാനുഗ്രഹവും സ്നേഹവും ലഭിക്കുന്നതും അവർക്കു തന്നെ ! എന്നാൽ രക്ഷിതാക്കൾ ദൈവകല്പനകൾക്ക് വിലകല്പിക്കാതിരുന്നാൽ, പൂർണ്ണമായും ദൈവത്തിന്റെ ആളുകൾ ആയിതീരുന്നതിന് തടസ്സമായാൽ, അപ്പോൾ അത്രയും കാലം സന്താനങ്ങൾ അവരുടെ രക്ഷിതാക്കളെ ആദരിക്കുകയും,സംരക്ഷിക്കുകയും ചെയ്യുക. എന്നാൽ അവരുടെ വിശ്വാസകാര്യത്തിൽ, അവരുടെ രക്ഷിതാക്കൾ നല്കിയ തെറ്റായ അദ്ധ്യാപനങ്ങളെ ഉപേക്ഷിക്കേണ്ടതാണ്, പകരം എന്നെന്നും പച്ചപിടിച്ചു നിൽക്കുന്ന ദൈവീകാദ്ധ്യാപനങ്ങളെ പ്രവർത്തിപഥത്തിൽ കൊണ്ടുവരേണ്ടതാണ്.

ഇത്തരം അനേകം പ്രശ്നങ്ങൾ എന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. മക്കൾ ദൈവമാർഗത്തിൽ ചെലവഴിക്കുവാൻ തയ്യാറാകുമ്പോൾ മാതാപിതാക്കൾ തടസ്സം നിൽക്കുന്ന പ്രശ്നങ്ങൾ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ ദൂതൻ എന്ന നിലയിൽ, കാരണം അല്ലാഹു (ത) എന്നെ ലോകമെങ്ങും വ്യാപിച്ചു നില്ക്കുന്ന കുടുംബത്തിന്റെ തലവൻ എന്ന നിലയിൽ, അവരുടെ വ്യക്തിപരമായ കാര്യങ്ങൾ ഒരു ഭയവുമില്ലാതെ എന്നോടു ചർച്ചചെയ്യുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുന്നതാണ്.

പ്രസ്തുത അതിപ്രധാനമായ ചോദ്യവുമായി ബന്ധപ്പെട്ട് വിശു

ഖുർആനിലെ താഴെപറയുന്ന വചനം എന്റെ ശ്രദ്ധയിൽ വന്നിരിക്കുന്നു. “ദാരിദ്ര്യം ഭയന്ന് നിങ്ങൾ നിങ്ങളുടെ സന്താനങ്ങളെ വധിക്കരുത്” 6 : 152

ഈ വചനം പൊതുവായും ശരിയായും വ്യഖ്യാനിച്ചിട്ടുണ്ട്. അതായത് ദാരിദ്ര്യം ഭയന്ന് അഥവാ സംരക്ഷണം ഭയന്ന് അഥവാ ദേശീയ സാമ്പത്തിക കാരണങ്ങൾ കൊണ്ട് സന്താനനിയന്ത്രണം നടത്തരുത്. ഈ വചനം പൊതുവായി ഈ വിഷയത്തെയാണ് പരാമർശിക്കുന്നത്. എന്നാൽ ഈ വചനത്തെ ഈ രീതിയിലും വ്യഖ്യാനിക്കാവുന്നതാണ്, നിങ്ങളുടെ സന്താനങ്ങളെ നിങ്ങളുടെ കൈകൾകൊണ്ട് ആത്മീയമായി വധിക്കുകയാണ്, ദൈവമാർഗത്തിൽ ചെലവഴിക്കുവാൻ നിങ്ങൾ അവരെ അനുവദിക്കുന്നില്ലെങ്കിൽ !

നമ്മുടെ ഹൃദയങ്ങളുടെ അവസ്ഥകൾ അറിയാവുന്നവനായ ദൈവമാണ് നമ്മുടേത് ! ജമാഅത്തുസ്സഹീഹീൽ ഇസ്ലാമിലെ അംഗങ്ങൾക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കാര്യമാണ്, അതായത് നിരന്തരമായി ഓർമ്മിക്കുകയും വഴികാണിക്കുകയും ചെയ്യേണ്ട ഒരു കാര്യമാണ്. ദൈവമാർഗത്തിൽ ചെലവഴിക്കുന്നതിലൂടെ നമുക്ക് നേടാവുന്ന പ്രയോജനങ്ങൾ ! പൂർണ്ണബോധ്യത്തോടെ, വിനയത്തോടെ, ഉത്തമോദ്ദേശ്യത്തോടെ നാം നല്കേണ്ടതാണ്. ഈ ഉദ്ദേശ്യശുദ്ധിയോടെ ചെയ്യുന്നതിനെയാണ് അല്ലാഹു (ത) ഇഷ്ടപ്പെടുന്നത്, അത് വാക്കുകൾക്കതീതമാണ്. ചിലപ്പോൾ ഒരാൾ മറ്റൊരാൾക്ക് എന്തെങ്കിലും കൊടുക്കുന്നു അയാളെ ഒഴിവാക്കുവനായി ! അഥവാ നിർബന്ധം പിടിക്കുന്ന കുട്ടിക്ക് എന്തെങ്കിലും കൊടുക്കുന്നു ! ഈ രീതിയിൽ ജനങ്ങൾ, യാചകനും എന്തെങ്കിലും കൊടുക്കുന്നു. നിങ്ങൾ നല്കുമ്പോൾ നിഷ്ക്കളങ്കമായി നല്കുക, നല്ല മുഖഭാവത്തോടെ നല്കുക, ഹൃദയ അലിവോടെ നല്കുക. അതാണ് നിങ്ങൾക്ക് ഉത്തമമായത്, അതിലൂടെ നിങ്ങളുടെ മനുഷ്യത്വം ഉണരുന്നു. നിങ്ങൾ ഒരു താത്കാലിക യാത്രക്കാരനാണ് ഈ ലോക

ത്തിൽ എന്നറിയുന്നു. അടുത്തലോകമാണ് ശാശ്വതമായത് എന്നും അറിയുന്നതാണ്. നിങ്ങൾ ഈ ബോധ്യത്തോടെ ജീവിക്കുകയാണെങ്കിൽ, എല്ലാ നല്ല പ്രവർത്തനങ്ങളും ദൈവതൃപ്തിയ്ക്കായി സമർപ്പിക്കുകയാണെങ്കിൽ, അപ്പോൾ ദൈവം നിങ്ങളെ അനുമോദിക്കുന്നു, അവന്റെ പ്രഭാവം അവൻ ചൊരിയുന്നു. അവന്റെ ദയാവായ്പ കനിഞ്ഞു നല്കുന്നു. നിങ്ങൾ എന്നെന്നും സ്നേഹിക്കപ്പെടും അനുമോദിക്കപ്പെടും, ആകാശ ഭൂമികളുടെ സൃഷ്ടാവായിരിക്കും അതു ചെയ്യുന്നത്, നിങ്ങളുടെ സൃഷ്ടാവായിരിക്കും അത് ചെയ്യുന്നത്, നിങ്ങളോടൊപ്പം എപ്പോഴും ഉള്ളവനായിരിക്കും അത് ചെയ്യുന്നത്. എല്ലാത്തിനും ഒരവസാനമുണ്ടെങ്കിൽ പോലും !

ഈ ഉത്തേജനം നമ്മുടെ ജമാഅത്ത് അംഗങ്ങൾ ഉൾകൊണ്ടാൽ മുഴുലോകത്തിലെയും ഇസ്ലാമിക സമൂഹം മനസ്സിലാക്കിയാൽ, ഒരു ശരീരവും, ഒരാത്മാവുമായി മാറിയാൽ, അതിരുകളില്ലാതെ നാം അഭിവൃത്തിപെടുന്നതാണ്, ഇതിന്റെ പുരോഗതിയ്ക്കു തടയിടുവാൻ ഒരു ശക്തിയുമുണ്ടാവില്ല.

ഈ പ്രാവർത്തികമാക്കാൻ അല്ലാഹു (ത) നമ്മെ പ്രാപ്തമാക്കട്ടെ

ആമീൻ, സുമ്മാ ആമീൻ, യാറബ്ബൽ ആലമീൻ!

**Translated & Issued by :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**